

ദുഃഖത്തിന്റെ പാനപാത്രം കർത്താവെന്റെ കയ്യിൽ തന്നാൽ
സന്തോഷത്തോടതുവാങ്ങി ഹാലേല്ലുയ്യാ പാടീടും ഞാൻ

ദോഷമായിട്ടൊന്നും എന്നോടെന്റെ താതൻ ചെയ്കയില്ല
എന്നെയവൻ അടിച്ചാലും അവനെന്നെ സ്നേഹിക്കുന്നു

കഷ്ടനഷ്ടമേറീടുമ്പോൾ ഭാഗ്യവാനായി തീരുന്നു ഞാൻ
കഷ്ടമേറ്റ കർത്താവോടു കൂട്ടാളിയായി തീരുന്നു ഞാൻ

ലോകസൗഖ്യമെന്തുതരും ആത്മക്ലേശമതിൻ ഫലം
സൗഭാഗ്യമുള്ളാത്മജീവൻ കഷ്ടതയാൽ വർധിക്കുന്നു

ജീവനത്തിൻ വമ്പു വേണ്ടാ കാഴ്ചയുടെ ശോഭ വേണ്ട
കൂടാരത്തിൻ മൂടി പോലെ ക്രൂശിൻനിറം മാത്രം മതി

ഉള്ളിലെനിക്കെന്തു സുഖം തേജസ്സേറും കെരൂബികൾ
കൂടാരത്തിന്നകത്തുണ്ട് ഷേക്കയ്നായും ഉണ്ടവിടെ

ഭക്തന്മാരാം സഹോദരർ വിളക്കുപോൽ കൂടെയുണ്ട്
പ്രാർത്ഥനയിൻ ധൂപമുണ്ട് മേശമേലെന്റപ്പമുണ്ട്

പ്രകാരത്തിലെന്റെ മുമ്പിൽ യേശുവിനെ കാണുന്നു ഞാൻ
യാഗപീഠമവനത്രെ എന്നുമെന്റെ രക്ഷയവൻ



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me



ദിനംതോറും പുതുക്കുന്ന ശക്തിയെന്നിൽ പകരുവാൻ
സ്വച്ഛജലം വെച്ചിട്ടുള്ള പിച്ചളത്തൊട്ടിയുമുണ്ട്

ലോകത്തെ ഞാനോർക്കുന്നില്ല കഷ്ടനഷ്ടമോർക്കുന്നില്ല
എപ്പോളെന്റെ കർത്താവിനെ ഒന്നു കാണാമെന്നേയുള്ളൂ

**Our Radio:**
www.heavenlyradio.org (+ Heavenly Radio +)

**Our Websites:**
www.thesaintofparumala.com (Parumala Thirumeni)
www.sadhukochukunjuupadesi.com (Sadhu Kochukunju Upadesi)

**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me